## കേരള സർക്കാർ

### സംഗ്രഹം

ധനകാര്യ വകുപ്പ് - ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങളുടെ സർട്ടിഫിക്കറ്റുകൾ കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് എന്നിവിടങ്ങളിലെ പ്രവൃത്തികൾക്ക് സർക്കാർ സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ധനകാര്യ (ഭരണം - സി) വകുപ്പ്

സ.ഉ. (അച്ചടി) നം. 59/2017/ധന. തിരുവനന്തപുരം, തീയതി, 05.05.2017

---

പരാമർശം :- 1. 08.12.1988 തീയതിയിലെ സ.ഉ.(പി) നം. 874/1988/ധന നമ്പർ സർക്കാർ ഉത്തരവ്

2. 14.04.2016 തീയതിയിലെ ഭരണം-സി1/142/2015/ധന നമ്പർ സർക്കുലർ

3. 29.02.2016 തീയതിയിലെ ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറുടെ 258/എൻ.എസ്.ബി2/2016 നമ്പർ ശുപാർശ.

### ഉത്തരവ്

ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങളുടെ സർട്ടിഫിക്കറ്റുകൾ സർക്കാർ സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതു സംബന്ധിച്ച അവ്യക്തതകൾക്ക് സ്പഷ്ടീകരണം എന്ന നിലയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന വകുപ്പുകളിൽ നിർമ്മാണ പ്രവൃത്തികളുടെ സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിക്കാമെന്ന് പരാമർശം (2) പ്രകാരം സർക്കാർ ഇക്കാര്യം ഊന്നിപ്പറഞ്ഞിരുന്നു.

ദേശീയ സമ്പാദ്യ പദ്ധതിയുടെ വിവിധ നിക്ഷേപങ്ങളുടെ സർട്ടിഫിക്കറ്റുകൾ കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് എന്നിവിടങ്ങളിലെ പ്രവൃത്തികൾക്ക് കൂടി ബാധകമാക്കിയാൽ കൂടുതൽ നിക്ഷേപ സമാഹരണം നടത്തുന്നതിന് ഗുണകരമാകും എന്ന് പരാമർശം (3) പ്രകാരം ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങളുടെ സർട്ടിഫിക്കറ്റ് കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് എന്നിവിടങ്ങളിലെ വിവിധ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള സെക്യൂരിറ്റി നിക്ഷേപമായി ഉപയോഗിക്കാമെന്ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി.വി.ആർ**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. സെക്രട്ടറി, ജലവിഭവ വകുപ്പ്
5. സെക്രട്ടറി, ഊർജ്ജ വകുപ്പ്
6. ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, തിരുവനന്തപുരം
7. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
8. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്
9. എല്ലാ ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസർമാർക്കും
10 എല്ലാ ജില്ലാ കളക്ടർമാർക്കും
11. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
12. നോഡൽ ഓഫീസർ, www.finance.kerala.gov.in
13. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ